LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്. & എസ്.എസ്.ആർ.റൂൾ 13 എ. എ. പ്രകാരമുള്ള പ്രൊമോഷൻ

92 (5497) ശ്രീ. കെ. ബി. ഗണേഷ്കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.& എസ്.എസ്.ആർ. റൂൾ 13 എ.എ. പ്രാകാരമുള്ള പ്രൊമോഷൻ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ എത്രപേർക്ക് നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) കെ.എസ്.& എസ്.എസ്.ആർ.റൂൾ 13 എ(1)എ. പ്രകാരമുള്ള പ്രൊമോഷൻ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ എത്ര പേർക്ക് നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ റൂൾ പ്രകാരം അർഹതപ്പെട്ടവർക്ക് കൃത്യമായി പ്രൊമോഷൻ നൽകുന്നില്ല എന്ന ആക്ഷേപത്തിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നൽകിയിട്ടില്ല.

(സി) ഇതുവരെ ആക്ഷേപങ്ങൾ ഒന്നും ലഭിച്ചിട്ടില്ല.

എക്സൈസ് ഇൻസ്പെക്ടർമാരുടെ കേഡർ സ്ട്രെങ്ത്

93 (5498) ശ്രീ.ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിലെ സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എക്സൈസ് ഇൻസ്പെക്ടർമാരുടെ കേഡർ സ്ട്രെങ്ത് ഏത് അനുപാതത്തിലാണ് ;

(ബി) ഈ അനുപാതത്തിലാണോ എക്സൈസ് വകുപ്പിൽ നടപടികൾ സ്വീകരിക്കുന്നത് ;

(സി) സ്പെഷ്യൽ റൂൾ നിലനിൽക്കുമ്പോൾ തന്നെ നിയമസാധുത യില്ലാത്ത എക്സിക്യൂട്ടീവ് ഓർഡർ ഇറക്കി ഈ അനുപാതം അട്ടിമറിക്കുവാൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 1:1.

(ബി) അതെ.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.